(ബി) പ്രസ്തുത ഭരണാനുമതി പ്രകാരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല ആർക്കാണ് ; നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്നും ശേഷിക്കുന്ന ജോലികൾ ഏതെല്ലാമാണെന്നും അറിയിക്കുമോ ;

(ഡി) പ്രസ്തുത ടൂറിസം പദ്ധതി പൂർത്തീകരിക്കുവാൻ കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്നത്തേക്ക് നിർമ്മാണ ജോലികൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആദിച്ചനെല്ലൂർചിറയുടെ വികസന പ്രവർത്തനങ്ങൾക്കായി 44 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 22-5-2014 തീയതിയിലെ G.O. (Rt) No. 3963/2013/TSM നമ്പർ ഉത്തരവ് പ്രകാരമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ബി) പാർക്കിംഗ് ഏരിയ, പേവ്ഡ് ഏരിയ, പടിത്തുറ, റെയിൻ ഷെൽട്ടർ, എൻട്രി ടിക്കറ്റ് കൗണ്ടർ, സീറ്റിംഗ്, സോഫ്റ്റ് ലാന്റ് സ്കേപ്പിംഗ് മുതലായവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

(സി) ഈ പദ്ധതി നടപ്പാക്കുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ കൊല്ലം മുഖേനയാണ്. പദ്ധതിയുടെ ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഡി) ഉണ്ട്. ആദ്യത്തെ ടെണ്ടറിൽ ആരുംതന്നെ പങ്കെടുത്തില്ല. എന്നാൽ റീ ടെണ്ടർ ചെയ്തപ്പോൾ 14.9% കൂടുതൽ തുകയ്ക്കാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ഈ തുക കുറയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തിയാതിനുശേഷം Tender Accept ചെയ്ത്, എഗ്രിമെന്റ് വച്ച് കഴിഞ്ഞാൽ 6 മാസത്തിനകം പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ചുണ്ടൻവള്ളങ്ങളുടെ നിർമ്മാണം

237 (2451) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

കുട്ടനാട്ടിലെ ചുണ്ടൻവള്ളങ്ങൾ പുതുക്കി പണിയുന്നതിനും വള്ളപ്പുരകൾ നിർമ്മിക്കുന്നതിനും തുക അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

പരിശോധിച്ചു വരുന്നു.

പൂർത്തീകരിക്കാൻ സാധിക്കാത്ത കേന്ദ്ര ടൂറിസം പദ്ധതികൾ

238 (2452) ശ്രീ.കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാനുമതി ലഭിച്ചതും യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതുമായ ടൂറിസം പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്താമോ ;

(ബി) കേന്ദ്ര ടൂറിസം വകുപ്പിൽനിന്നും മുൻസർക്കാരിന്റെ കാലത്ത് നേടിയെടുത്ത പദ്ധതികൾ ഏതെങ്കിലും ഇനിയും പൂർത്തീകരിക്കാൻ ബാക്കി നിൽപ്പുണ്ടോ; ടൂറിസം പദ്ധതികൾക്കായി കേന്ദ്രം അനുവദിച്ച ഫണ്ട് പൂർണ്ണമായും യഥാസമയം നേടിയെടുക്കാൻ കഴിയാതെ പോയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ കാര്യത്തിലാണെന്ന് അറിയിക്കാമോ ;

(സി) വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഏതെല്ലാം പദ്ധതികൾക്ക് അനുവദിച്ച കേന്ദ്രഫണ്ട് തിരികെ നൽകേണ്ടതായി വന്നിട്ടുണ്ട് ;

(ഡി) കോഴിക്കോട് ഹോസ്പിറ്റാലിറ്റി ഇൻസ്റ്റിറ്റ്യൂട്ടിന് കേന്ദ്രം പാസ്സാക്കിയ തുക എത്രയായിരുന്നുവെന്നും ഇത് ഏത് വർഷത്തിലായിരുന്നുവെന്നും തുക പൂർണ്ണമായും നേടിയെടുക്കാൻ സാദ്ധ്യമായോ എന്നും ഇല്ലെങ്കിൽ കാരണം എന്താണെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly